| പതിനാലാം കേരള നിയമസഭ | |
|---|---|
| രണ്ടാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.149 | 26/09/2016 ൽ മറുപടിക്ക് |
| വിജിലൻസ് കേസിൽ ഉൾപ്പെട്ടിട്ടുളള പൊതുമരാമത്ത് ഉദ്യോഗസ്ഥർ | |
| ചോദ്യം | മറുപടി |
| ശ്രീ.എം.രാജഗോപാലൻ | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് ഉദ്യോഗസ്ഥരിൽ എത്ര പേർ വിജിലൻസ് കേസിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത കേസുകളുടെ നിലവിലെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് ഉദ്യോഗസ്ഥരിൽ 20 പേർ അഞ്ചു വിജിലൻസ് കേസുകളിലായി ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ വി.സി.04/14/കെ.എസ്.ഡി, വി.സി.13/2015/കെ.എസ്.ഡി, എന്നീ വിജിലൻസ് കേസുകളുടെ അന്വേഷണം പൂർത്തിയായി റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.<br>വി.സി. 04/2016/കെ.എസ്.ഡി നമ്പർ കേസ് അന്വേഷണ ഘട്ടത്തിലാണ്. വി.സി. 10/2009/എൻ.ആർ.കെ, വി.സി. 01/1999/എസ്.സി.കെ എന്നീ കേസുകളിൽ അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോഴിക്കോട് വിജിലൻസ് കോടതികളിൽ വിചാരണയിലാണ്. |
| (ബി) | വിജിലൻസ് കേസിൽപെട്ട ഉദ്യോഗസ്ഥരിൽ എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഇവർ ഇപ്പോൾ ഏതൊക്കെ തസ്തികയിൽ തുടരുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | മേൽ പറഞ്ഞ വിജിലൻസ് കേസുകളിൽ നടപടി പൂർത്തിയാകാത്തതിനാൽ ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് ഇവർക്കെതിരെയുളള കേസുകൾ പിൻവലിക്കപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആരുടെ ശിപാർശ പ്രകാരമാണ് പിൻവലിച്ചിട്ടുളളതെന്നും വ്യക്തമാക്കാമോ? | (സി) | പ്രസ്തുത കേസുകൾ ഒന്നും പിൻവലിക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ